**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2277** **30-07-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യമാർക്കറ്റുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകളുടെ നവീകരണം സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കാമോ; | (എ) | സംസ്ഥാന സർക്കാർ അംഗീകാരം നൽകുന്ന മത്സ്യമാർക്കറ്റുകളുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ് തുടങ്ങിയ ഏജൻസികൾ തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകി നിർവഹണ പ്രവൃത്തികൾ ടി ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കു കയും ചെയ്യുന്നു. നിർമ്മാണ നവീകരണ പ്രവൃത്തി കൾക്കാവശ്യമായ തുക കേന്ദ്ര/ സംസ്ഥാന സർക്കാർ/ നബാർഡ് ധനസഹായത്തോടെ ലഭ്യമാകുന്നു. |
| (ബി) | മത്സ്യമാർക്കറ്റുകൾ നവീകരിക്കാനും ആധുനികവൽക്കരിക്കാനും നടപടി സ്വീകരിക്കുമോ; | (ബി) | സ്വീകരിക്കുന്നുണ്ട്. ഭരണാനുമതി നൽകിയ മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണ നവീകരണ പ്രവൃത്തികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ് തുടങ്ങിയ ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കി വരുന്നു. |
| (സി) | പാതി വഴിയിൽ നിലച്ചുപോയ മാർക്കറ്റുകളുടെ നവീകരണ പദ്ധതികൾ പൂർത്തീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | സ്വീകരിക്കുന്നുണ്ട്. ഭരണാനുമതി നൽകിയ മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണ നവീകരണ പ്രവൃത്തികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ് തുടങ്ങിയ ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കി വരുന്നു. |
| (ഡി) | മാർക്കറ്റുകളുടെ മുടങ്ങിക്കിടക്കുന്ന പണി പൂർത്തീകരിച്ച് വഴിവാണിഭക്കാരെ മാർക്കറ്റുകളിൽ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ ? | (ഡി) | മത്സ്യമാർക്കറ്റുകൾ നവീകരിച്ച് വരുന്നുണ്ട്. വഴിവാണിഭക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് സ്വീകരിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ